# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2318** — **05.12.2018 -ൽ മറുപടിക്ക്.**

## റേഷൻകട വഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവ്

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.ആർ. രാമചന്ദ്രൻ:** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) റേഷൻ കടകൾ വഴി കാർഡ് ഉടമകൾക്ക് നിലവിൽ അനുവദിക്കപ്പെട്ടിട്ടുള്ള ഭക്ഷ്യധാന്യങ്ങളുടെ അളവ് എത്രയെന്ന് വിശദീകരിക്കുമോ; ഇത് വിതരണം ചെയ്യുന്ന വിവരങ്ങൾ കാർഡ് ഉടമകളെ അറിയിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | റേഷൻ കടകൾ വഴി ഓരോ വിഭാഗം കാർഡുടമകൾക്കും നിലവിൽ അനുവദിക്കപ്പെട്ടിട്ടുള്ള ഭക്ഷ്യധാന്യങ്ങളുടെ അളവ് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. എല്ലാ മാസത്തെയും വിതരണത്തോത് പത്രമാധ്യമങ്ങൾ മുഖേനയും വകുപ്പിന്റെ വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്താറുണ്ട്. കൂടാതെ വിതരണത്തോത് സംബന്ധിച്ചുള്ള എസ്.എം.എസ് എല്ലാ കാർഡുടമകൾക്കും നൽകി വരുന്നു. |
| (ബി) ഇപ്പോൾ വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങൾ ഒരു കുടുംബത്തിന് ഒരു മാസത്തെ ആവശ്യത്തിന് പര്യാപ്തമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് നിലവിലെ ഭക്ഷ്യധാന്യത്തിന്റെ അളവ് നിശ്ചയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | എ.എ.വൈ ഉൾപ്പെടെയുള്ള മുൻഗണനാ വിഭാഗത്തിന് പ്രതിമാസ വിതരണത്തോത് ഭക്ഷ്യഭദ്രതാ നിയമപ്രകാരം നിശ്ചയിച്ചിട്ടുണ്ട്. മുൻഗണനേതര വിഭാഗങ്ങൾക്കുള്ള വിഹിതം പര്യാപ്തമല്ല. ലഭ്യതയ്ക്ക് അനുസരിച്ചാണ് വിതരണത്തോത് ക്രമീകരിച്ചിട്ടുള്ളത്. |
| (സി) ഒരു കുടുംബത്തിനാവശ്യമായ ഭക്ഷ്യധാന്യങ്ങൾ റേഷൻകട വഴി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| | ഓരോ വിഭാഗങ്ങൾക്കുമുള്ള പ്രതിമാസ വിതരണക്രമം (2018 നവംബർ മാസം ആധാരമാക്കിയിട്ടുള്ളത്) | | | |
|---|---|---|---|---|
| ഇനം | എ.എ.വൈ | എ.എ.വൈ ഒഴികെയുള്ള മുൻഗണനാ വിഭാഗം(Priority) | മുൻഗണനേതര വിഭാഗം- സബ്സിഡി(NPS) | മുൻഗണനേതര വിഭാഗം- നോൺ സബ്സിഡി(NPNS) |
| അരി | ഓരോ കാർഡിനും 30 കി.ഗ്രാം | കാർഡിലെ ഓരോ അംഗത്തിനും 4 കി.ഗ്രാം വീതം | കാർഡിലെ ഓരോ അംഗത്തിനും 2 കി.ഗ്രാം വീതം. കൂടാതെ പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് 5 കി.ഗ്രാം സ്പെഷ്യൽ അരി* | ഓരോ കാർഡിനും അരിയും ഗോതമ്പുമുൾപ്പടെ 4 കി.ഗ്രാം ഭക്ഷ്യധാന്യം . കൂടാതെ പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് 5 കി.ഗ്രാം സ്പെഷ്യൽ അരി. |
| ഗോതമ്പ് | ഓരോ കാർഡിനും 5 കി.ഗ്രാം | കാർഡിലെ ഓരോ അംഗത്തിനും 1 കി.ഗ്രാം വീതം. | ഇല്ല | |
| ആട്ട | ഇല്ല | ഇല്ല | കാർഡിന് പരമാവധി 3 കി.ഗ്രാം വീതം. | കാർഡിന് പരമാവധി 3 കി.ഗ്രാം വീതം. |
| പഞ്ചസാര | കാർഡിന് 1 കി.ഗ്രാം വീതം | ഇല്ല | ഇല്ല | ഇല്ല |
| മണ്ണെണ്ണ | E കാർഡിന് (വൈദ്യുതീകരിച്ച വീട്) ½ ലിറ്ററും NE കാർഡിന് (വൈദ്യുതീകരിക്കാത്ത വീട്) 4 ലിറ്ററും. പ്രളയ ദുരിതാശ്വാസമായി ലഭ്യമായ നോൺ സബ്സിഡി നിരക്കിലുള്ള മണ്ണെണ്ണ പ്രളയബാധിതർക്ക് കാർഡൊന്നിന് 3 ലിറ്റർ വീതം. | | | |

***പ്രളയ ദുരിതാശ്വാസമായി മുൻഗണനേതര വിഭാഗങ്ങൾക്കുള്ള സ്പെഷ്യൽ അരി വിതരണം ഡിസംബർ 18 വരെ മാത്രമാണുള്ളത്.**